MALAYALA MANORAMA - 24-10-2024

# ഭക്ഷ്യ ആധികാരികതയിൽ ഇന്ത്യയിലെ ആദ്യത്തെ മികവിന്റെ കേന്ദ്രമായി സിഫ്റ്റ്

കൊച്ചി • ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്ന ഗവേഷണ പ്രവർത്തനങ്ങൾ മുൻനിർത്തി ഭക്ഷ്യ ആധികാരികതയിൽ ഇന്ത്യയിലെ ആദ്യത്തെ മികവിന്റെ കേന്ദ്രമായി സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയെ (സിഫ്റ്റ്) പ്രഖ്യാപിച്ചു. വാട്ടേഴ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡുമായി ചേർന്ന് സിഫ്റ്റിൽ നടത്തിയ ദേശീയ ശിൽപശാലയിലാണു പ്രഖ്യാപനം.

സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാനും വാട്ടേഴ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് പ്രസിഡന്റ് ടി. അനിൽ കുമാറും ഇതു സംബന്ധിച്ച ധാരണാപത്രം കൈമാറി.

ഭക്ഷ്യ ഉൽപന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാനുള്ള സാങ്കേതികവിദ്യ വികസിപ്പിക്കാനുള്ള ഗവേഷണങ്ങൾക്ക് ഊർജം പകരുന്നതാണ് അംഗീകാരം.

ഡോ. എൽ. എൻ. മൂർത്തി, ശ്രീനിവാസ് ബി. ജോഷി, ഡോ. നിലാദ്രി ശേഖർ ചാറ്റർജി എന്നിവർ ശിൽപശാലയിൽ വിവിധ സെഷനുകൾക്കു നേതൃത്വം നൽകി. ഡോ. എ. എ. സൈനുദ്ദീൻ, ടി. അനിൽ കുമാർ, ഡോ. ഫെമീന ഹസ്സൻ എന്നിവർ പ്രസംഗിച്ചു.